**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ: വിശദമാക്കാമോ; | (എ) | 23.06.2022 ലെ ജി ഒ (പി) നം. 70/2022/ധന പ്രകാരം 01.07.2022 ൽ നിലവിൽ വന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പ് ൽ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയെ 12 ഇന അവയവമാറ്റ ശസ്ത്രക്രിയകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചികിത്സ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | 23.06.2022 ലെ ജി ഒ (പി) നം. 70/2022/ധന പ്രകാരം 01.07.2022 ൽ നിലവിൽ വന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പ് ൽ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയെ 12 ഇന അവയവമാറ്റ ശസ്ത്രക്രിയകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അവയവമാറ്റ ശസ്ത്രക്രിയകൾ മെഡിസെപ്പ് മുഖേന നടത്തുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (സി) | അവയവമാറ്റ ശസ്ത്രക്രിയകൾ മെഡിസെപ്പ് മുഖേന നടത്തുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ മെഡിസെപ് പദ്ധതിയിലെ ഗുരുതര രോഗങ്ങൾക്കായി കമ്പനി വകയിരുത്തിയിരിക്കുന്ന 35 കോടി വിനിയോഗിച്ച ശേഷമുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും തുടർന്നും അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുമായി ഇൻഷുറൻസ് കമ്പനിക്ക് 08.09.2023 ലെ ജി.ഒ. (ആർ.റ്റി) നം. 6416/2023/ധന പ്രകാരം തുകയും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ഡി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആശുപത്രികളിൽ നിന്നും ഇൻഷുറൻസ് കമ്പനിക്ക് അറിയിപ്പ് നൽകിയിട്ടും ഇൻഷുറൻസ് കമ്പനിയിൽ നിന്നും മറുപടി വൈകുന്നത് ഒഴിവാക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) | അവയവമാറ്റ ശസ്ത്രക്രിയകൾ മെഡിസെപ്പ് മുഖേന നടത്തുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 08.09.2023 -ലെ ജി. ഒ.(ആർ.റ്റി) നം. 6416/2023/ധന പ്രകാരം ഇൻഷുറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ